# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 15
Issue 9

**September 2026**

Price:Rs.5/-
Pages 24


“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു” **(കൊലൊസ്യർ 1:28–29)**


REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L  L I F E  V O I C E

| Volume 15 | Issue 9 | September 2026 | Pages 24 | Rs.5/ |
|---|---|---|---|---|

Annual Subscription: Rs.60/-



Editor:

Dr. Sebastian M.V. (PhD)

Ph: 95 44 557 557

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


Book No.
177

## ഉള്ളടക്കം


| | പേജ് |
|---|---|
| • മക്കളെ തല്ലിക്കുന്ന അപ്പൻ | 3 |
| • വായനക്കാരുടെ അഭിപ്രായങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (31) | 7 |
| • യോനാ (പുസ്തകപഠനം) (25) | 10 |
| • ഒരുമിച്ച് 50 വർഷം (9) | 13 |
| • ചോദ്യവും ഉത്തരവും (43) | 17 |
| • സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ (74) | 19 |
| • തട്ടും തലോടലും (13) | 21 |
| • കാർട്ടൂൺ | 22 |
| • ഐഫോൺ വേണം | 23 |


**ഈ മാസികയുടെ ലക്ഷ്യം:**

സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും അതിലൂടെയുള്ള ബോധവത്കരണവും.



# എഡിറ്റോറിയൽ

**"നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്
ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?" (ഗലാത്യർ 4:16)**

# മക്കളെ മറ്റുള്ളവരെക്കൊണ്ട് തല്ലിക്കുന്ന/കൊല്ലിക്കുന്ന അപ്പൻ

അങ്ങനെ ഒരു അപ്പനുണ്ടോ? സ്വന്തം മക്കളെ തല്ലാനോ കൊല്ലാനോ ആയി മറ്റുള്ളവർക്ക് നിർദ്ദേശം കൊടുക്കുന്ന അപ്പൻ? താൻ വളർത്തി വലുതാക്കിയ, സ്വന്തം മകനെ ദുഷ്ടരായ ആളുകളെക്കൊണ്ട് തല്ലിക്കുന്ന/കൊല്ലിക്കുന്ന അപ്പനുണ്ടോ? ഉണ്ട്. ഒന്നല്ല, നിരവധി അപ്പന്മാർ അത്തരത്തിലുണ്ട്. താഴെ കൊടുത്തിരിക്കുന്ന പത്രവാർത്തകൾ അതിന് തെളിവാണ്:

**മകനെ ക്വട്ടേഷൻ നൽകി കൊന്നു.
പിതാവ് ഉൾപ്പെടെ 6 പേർ അറസ്റ്റിൽ**

ഹുബള്ളി (കർണ്ണാടക): ബിസിനസുകാരനായ ഭരത് മഹാജൻസേത്തിന്റെ (56) മകൻ അഖിൽ മഹാജൻസേത്തിന്റെ (26) മൃതദേഹമാണ് ഹുബ്ബള്ളി കലഘട്ടിയിലെ കൃഷിയിടത്തിൽ നിന്ന് കഴിഞ്ഞ ദിവസം കണ്ടെത്തിയത്. മദ്യത്തിന് അടിമയായ അഖിൽ തന്റെ സമ്പാദ്യം ചൂതാട്ടത്തിനും മറ്റും വിനിയോഗിച്ച് നശിപ്പിക്കുന്നത് പതിവായതോടെയാണ് മകനെ ഇല്ലാതാക്കാൻ ഭരത് 10 ലക്ഷം രൂപയ്ക്ക് ക്വട്ടേഷൻ നൽകിയത്.
*(www.manoramaonline.com/Published:Dec 8, 2022)*

**മകൻ മയക്കുമരുന്നിന് അടിമ,
അച്ഛൻ ക്വട്ടേഷൻ നൽകി കൊലപ്പെടുത്തി; അറസ്റ്റിൽ**

ഗ്വാളിയോർ (മദ്ധ്യപ്രദേശ്): നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ 28കാരനായ ഇർഫാൻഖാനെ രണ്ടംഗ ക്വട്ടേഷൻ സംഘത്തെ നിയോഗിച്ച് പിതാവ് ഹസൻഖാൻ കൊലപ്പെടുത്തി. ഇർഫാൻഖാൻ മയക്കുമരുന്നിനും ചൂതാട്ടത്തിനും അടിമയായിരുന്നു. ദുശ്ശീലങ്ങൾ കാരണം കുടുംബവുമായുള്ള ബന്ധം വഷളായി. ഇത് വഴക്കുകൾക്കും സംഘർഷങ്ങൾക്കും ഇടയായി. നിരാശ

നായ ഹസൻഖാൻ മകനെ ഇല്ലാതാക്കൻ പദ്ധതിയിട്ടു. ക്വട്ടേഷൻസംഘത്തിന് 50000 രൂപ നൽകി.
(www.asianetnews.com/ Published: October 26,2024)

**മകനെ കൊല്ലാൻ പിതാവ് നൽകിയത് മൂന്നു ലക്ഷത്തിന്റെ ക്വട്ടേഷൻ; വെട്ടിനുറുക്കി തടാകത്തിൽ ഉപേക്ഷിച്ചു**

ബംഗളൂരു: മല്ലേശ്വരം സ്വദേശിയും ഐടി ജീവനക്കാരനുമായ കൗശൽപ്രസാദ് (19) കൊല്ലപ്പെട്ട കേസിലാണ് ബിസിനസ്സുകാരനായ പിതാവ് കേശവപ്രസാദ് (50) അറസ്റ്റിലായത്. സ്വത്ത് ആവശ്യപ്പെട്ട് കൗശൽ പിതാവിനെ നിരന്തരം ഉപദ്രവിച്ചിരുന്നതും പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നതുമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പൊലീസ് പറഞ്ഞു.
(www.madhyamam.com/ Published: January 20,2021)

തല തെറിച്ചവരും നിർഗുണന്മാരുമായ മക്കളെ കൊല്ലാൻ മറ്റുള്ളവരെ ഏല്പിച്ച അപ്പന്മാർ! ആ അപ്പന്മാരെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു. മക്കൾ കൊല്ലപ്പെട്ടു; അപ്പന്മാർ ജയിലിലുമായി. അതായത്, മക്കളെ ഇല്ലാതാക്കിയതോടെ പ്രശ്നങ്ങൾ അവസാനിക്കയല്ല, പുതിയ പ്രശ്നങ്ങൾ ഉണ്ടാവുകയാണ് ചെയ്തത്. മക്കളെ മര്യാദയ്ക്ക് വളർത്തുന്നതിൽ പല മാതാപിതാക്കളും പരാജയങ്ങളാണ്. തല്ലേണ്ട പ്രായത്തിൽ തല്ല് കൊടുക്കുകയോ ശാസിക്കേണ്ട പ്രായത്തിൽ ശാസിക്കുകയോ ചെയ്യുകയില്ല. മാതാപിതാക്കളുടെ വാത്സല്യത്തെ വളമാക്കി വളർന്നു പന്തലിക്കുന്ന മക്കൾ പിന്നീട് ഒരു പൊതുശല്യമായി മാറുന്നതിൽ അതിശയിക്കാനില്ല.

**അപ്പന്മാർക്ക് മക്കളെ കൊല്ലിക്കാൻ അനുവാദമില്ല**

ആരെയും കൊല്ലാനോ കൊല്ലിക്കാനോ ബൈബിൾ അനുവദിക്കുന്നില്ല. ഇന്ത്യാരാജ്യത്തെ നിയമവും അതിനുള്ള അനുവാദം തരുന്നില്ല. മക്കൾക്ക് നേർവഴി ഉപദേശിച്ചുകൊടുക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അവർ അക്രമാസക്തരാകുന്നുണ്ടെങ്കിൽ പൊലീസിൽ പരാതിപ്പെടാം. അതല്ലാതെ വേറെ വഴികളൊന്നുമല്ല. ചുരുക്കിപ്പറഞ്ഞാൽ, അവരെ സഹിക്കുക – അത്രയേ നിവർത്തിയുള്ളൂ.

അനുസരണക്കേട് കാണിക്കുന്ന മക്കളെ കല്ലെറിഞ്ഞുകൊല്ലാൻ ഒരിക്കൽ ദൈവം കല്പിച്ചിരുന്നു (ആവർത്തനം 21:18-21). അത് കേട്ട് ഒരാൾ പോലും തങ്ങളുടെ മകനെ കല്ലെറിഞ്ഞുകൊല്ലാനായി വിട്ടുകൊടുത്തില്ല. മാതാപിതാക്കളുടെ അതിരുകളില്ലാത്ത വാത്സല്യത്തെ ചൂഷണം ചെയ്തുകൊണ്ടാണ് കുട്ടികൾ തെറ്റുകളുടെ മേഖലയിൽ കൊഴുത്തുവരുന്നത്.

**വ്യത്യസ്തനായൊരു അപ്പൻ!**

രാജ്യത്തെ നിയമങ്ങൾ ബാധകമല്ലാത്ത ഒരു അപ്പനുണ്ട്. സാക്ഷാൽ ദൈവം. സർവാധികാരിയായ ദൈവം. ദീർഘക്ഷമയും ദയയും വാത്സല്യവും വേണ്ടുവോളമുള്ള സ്നേഹസമ്പൂർണ്ണനായ ദൈവം. തന്റെ മക്കളോട് ഇത്രയധികം ക്ഷമിക്കുന്ന അപ്പൻ വേറെയുണ്ടാവില്ല. എന്നാൽ വർഷങ്ങളോളം ക്ഷമിച്ചുകഴിഞ്ഞാൽ പിന്നെ ദൈവത്തിന്റെ കോപം ജ്വലിക്കും. തുടർന്ന് സർവശക്തനായ ദൈവം മറ്റുള്ളവരെക്കൊണ്ട് തന്റെ ജനത്തെ തല്ലിക്കുകയോ കൊല്ലിക്കുകയോ ചെയ്യും. ആർക്കും പരാതി പറയാൻ അവസരമില്ല. ആരെങ്കിലും വിമർശിച്ചാൽ അതിന് മറുപടി ലഭിക്കുകയുമില്ല. കാരണം ദൈവത്തെ ചോദ്യം ചെയ്യാൻ ആരും വളർന്നിട്ടില്ല.

ബൈബിളിന്റെ പഴയനിയമത്തിലാണ് ഇതിന് ഉദാഹരണങ്ങൾ നാം കാണുന്നത്. യിസ്രായേലിന്റെ പത്തുഗോത്രങ്ങൾക്ക് നേരെ അശ്ശൂർ രാജാവായ ശൽമനേസ്സെരിനെ ദൈവം വരുത്തി. ബാക്കിയുള്ള രണ്ട് ഗോത്രങ്ങൾക്ക് നേരെ ബാബേൽരാജാവായ നെബൂഖദ്നേസെരിനെയും വരുത്തി. രണ്ടുപേരും അവരവർക്ക് കിട്ടിയ അവസരം ശരിക്കും മുതലാക്കി. ദൈവജനത്തെ തച്ചുതകർത്തു. നെബൂഖദ്നേസെർ യെരൂശലേമിലെ എല്ലാ വീടുകളും തീ വച്ചു ചുട്ടുകളഞ്ഞു. യെരൂശലേമിന്റെ മതിലുകളെ ഇടിച്ചുകളഞ്ഞു. ദൈവലായം ചുട്ടു. (2 രാജാക്കന്മാർ 25: 9,10, 2 ദിനവൃത്താന്തം 36:17 –19). ദൈവമാണ് കല്ദയരാജാവായ നെബൂഖദ്നേസെരിനെ അവരുടെ നേരെ വരുത്തിയത് (2 ദിനവൃത്താന്തം 36:17).

വേറെയും ഉദാഹരണങ്ങൾ നമുക്ക് ബൈബിളിൽ കാണാം. പ്രത്യേകിച്ചും ന്യായാധിപന്മാരുടെ പുസ്തകത്തിൽ. തന്റെ മക്കൾ അനുസരണക്കേട് കാണിക്കുമ്പോൾ അവരുടെ മാനസാന്തരത്തിനുവേണ്ടി ദൈവം ആഗ്രഹിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യും. ഒടുവിൽ ക്ഷമിച്ചുമടുത്ത ദൈവം തന്റെ മക്കൾക്കെതിരെ പ്രതിയോഗികളെ എഴുന്നേൽപ്പിക്കും. തന്റെ മക്കളെ ഉപദ്രവിക്കാൻ, കഷ്ടപ്പെടുത്താൻ... അവർ അങ്ങനെയെങ്കിലും ദൈവത്തോട് അടുക്കണമെന്നതാണ് ദൈവത്തിന്റെ ഹിതം.

പ്രിയ ദൈവജനമേ, നമുക്കെതിരെ ചില ശത്രുക്കൾ എഴുന്നേറ്റുവരുമ്പോൾ, അവർ നമ്മെ കഷ്ടപ്പെടുത്തുമ്പോൾ, നമ്മുടെ മനഃസ്സമാധാനം കളയുമ്പോൾ നാം നമ്മിലേക്കുതന്നെ നോക്കുക. നമ്മുടെ ആത്മികനിലവാരം പരിശോധിക്കുക. തിരുത്തേണ്ട മേഖലകൾ തിരിച്ചറിയുക, തിരുത്തുക. നമ്മുടെ യഥാസ്ഥാനത്തിനുവേണ്ടിയാണ് പലപ്പോഴും ദൈവം ഇതുപോലെ പ്രശ്നക്കാരെ നമുക്കുചുറ്റും ഉയർത്തുന്നത്. സാഹചര്യങ്ങൾ പ്രതികൂലമായി മാറുമ്പോഴും നാം നമ്മുടെ ആത്മികനിലവാരത്തെ വിലയിരുത്തുക.

**(എംവിഎസ്)**

# വായനക്കാരുടെ അഭിപ്രായങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം.

## K K Kuttappan, Rajakumari, Idukki

ജൂലൈ മാസത്തിലെ മാസിക കിട്ടി. എല്ലാം പംക്തികളും വളരെ നന്നായിരുന്നു. 'കുടുംബജീവിതം' ദൈവമക്കൾക്ക് ചിന്തിക്കാൻ പറ്റിയ വാക്യങ്ങൾ ചേർത്ത് ഒരുക്കിയിരിക്കുന്നു. എഡിറ്റോറിയലിൽ 'സീതയെ വസ്ത്രാക്ഷേപം ചെയ്ത ദുശ്ശാസനൻ' എന്ന് കണ്ടു. ദുശ്ശാസനൻ വസ്ത്രാക്ഷേപം ചെയ്തത് രാമായണത്തിലെ സീതയെ അല്ല, മഹാഭാരതത്തിലെ പാഞ്ചാലിയെയാണ്. ദൈവമക്കൾക്ക് ആത്മീയമായി ചിന്തിക്കാൻ വക നൽകുന്ന ഈ ചെറിയ മാസിക (24 പേജ് മാത്രം) വലിയ അനുഗ്രഹം തന്നെ. **(എഡിറ്റർ: തെറ്റ് ചൂണ്ടിക്കാണിച്ചതിന് നന്ദി. മാസിക വായിക്കുന്നതിൽ സന്തോഷം. പലർക്കും വായനശീലം നഷ്ടപ്പെട്ടിരിക്കുകയാണ്. ചുരുക്കം പേരെങ്കിലും വായിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നതോർത്ത് ദൈവത്തിന് സ്തോത്രം!)**

## കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ

| Address | Reason |
|---|---|
| Sam M John, Kallai, Kozhikode | Left |

**അഡ്രസ്‌ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സ് നീക്കം ചെയ്തിട്ടുണ്ട്.**

## അഡ്രസ്സുകൾ അയച്ചുതരിക

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചുതരിക. വരിസംഖ്യ നിർബന്ധമില്ല. വരിസംഖ്യയുടെ കാര്യം ഞങ്ങൾ ആരോടും പറയാറില്ല. ചോദിക്കാറുമില്ല. ഈ ക്രിസ്തീയമാസിക വായിക്കാൻ താത്പര്യമുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി. (എഡിറ്റർ)

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും. 95 44 557 557 എന്ന നമ്പറിലേക്ക്**
**ഇപ്പോൾ തന്നെ വാട്സാപ് സന്ദേശമയയ്ക്കുക**



31

# ആസ്യയിലെ 7 സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽനിന്നുള്ള ചിന്തകൾ**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

## ഫിലദെൽഫ്യയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:7-13)

*ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്ക വണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക (3:11)*

**ഞാൻ വേഗം വരുന്നു**

"I am coming soon" ദൈവമക്കളുടെ വലിയ പ്രത്യാശയാണ് കർത്താവിന്റെ വരവ്. ഈ ലോകത്തിന്റെ പോക്കിലും ദൈവമക്കളുടെ അധഃപതനത്തിലും മനംനൊന്ത് കഴിയുന്നവരുടെ ഏകപ്രതീക്ഷയാണ് കർത്താവിന്റെ വരവ്. കർത്താവിന്റെ വരവോടെ ദൈവജനത്തിന്റെ ശരീരത്തിന്റെ വീണ്ടെടുപ്പ് സംഭവിക്കുകയും തേജസ്കരിക്കപ്പെട്ട ശരീരത്തോടെ അവർ ദൈവത്തോടുകൂടെ കഴിയുകയും ചെയ്യും.

"ഞാൻ വേഗം വരുന്നു" എന്ന് കർത്താവ് പറഞ്ഞതുകൊണ്ട് എല്ലാ തലമുറയും കർത്താവിന്റെ വരവിന് വേണ്ടി കാത്തിരുന്നു. ഒന്നാം നൂറ്റാണ്ടിൽ തന്നെ കർത്താവ് വരുമെന്നായിരുന്നു അവരുടെ പ്രതീക്ഷ (2 പത്രൊസ് 3:3-4, 9). ഒന്നാം നൂറ്റാണ്ടിൽ കർത്താവ് വന്നില്ല. അടുത്ത ഓരോ നൂറ്റാണ്ടിലും ദൈവജനം തങ്ങളുടെ കർത്താവിന്റെ വരവ് പ്രതീക്ഷിച്ചു. അതിനുവേണ്ടിത്തന്നെയാണ് "ഞാൻ വേഗം വരുന്നു" എന്ന് കർത്താവ് പറഞ്ഞത്. പക്ഷേ കർത്താവ് ഇതുവരെയും വന്നില്ല.

ഇത്ര വർഷം കഴിഞ്ഞുമാത്രമേ ഞാൻ വരികയുള്ളൂ എന്ന് കർത്താവ് പറഞ്ഞിരുന്നുവെങ്കിൽ ദൈവജനം തീർത്തും അലസരായിത്തീർന്നേനേ. എപ്പോഴും ഏതു തലമുറയിലും ദൈവമക്കൾ ഒരുങ്ങിയിരിക്കേണ്ടതിനാണ് കർത്താവ് അങ്ങനെ പറയാതിരുന്നത്. ഈ തലമുറയിൽ കർത്താവ് വരുമെന്നോ ഇന്ന ദിവസം കർത്താവ് വരുമെന്നോ പറയാൻ ദൈവം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

**നിന്റെ കിരീടം ആരും എടുക്കരുത്**

ദൈവം ഓരോരുത്തർക്കും കൊടുക്കുന്ന ശുശ്രൂഷയും അത് വിജയകരമായി നിർവഹിക്കുമ്പോൾ അവർക്ക് കൊടുക്കാനാഗ്രഹിക്കുന്ന അനുഗ്രഹവും മറ്റാരും കൈവശമാക്കാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണം. ശൗൽ രാജാവിന്റെ കിരീടം നഷ്ടപ്പെടുത്തി. ഏലിയുടെ മക്കൾ പൗരോഹിത്യം എന്ന കിരീടം നഷ്ടപ്പെടുത്തി. ഏല്പിച്ച ജോലിയിൽ നാം വിശ്വസ്തരായില്ലെങ്കിൽ, നമുക്കും കിരീടം നഷ്ടപ്പെടും.

രാജത്വം എന്ന കിരീടം ശൗൽ നഷ്ടപ്പെടുത്തിയപ്പോൾ അത് മറ്റൊരാൾക്ക് ലഭിച്ചു. ഏലിയുടെ മക്കൾ പൗരോഹിത്യം നഷ്ടപ്പെടുത്തിയപ്പോൾ അതും വേറൊരാൾക്ക് ലഭിച്ചു. എനിക്ക് ലഭിച്ച അനുഗ്രഹം എന്റെ ഉദാസീനത മൂലം നഷ്ടപ്പെട്ടാൽ ദൈവം അത് മറ്റൊരാൾക്ക് കൊടുക്കും. അങ്ങനെ സംഭവിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം എന്നാണ് ഇവിടെ കർത്താവ് ആഹ്വാനം ചെയ്യുന്നത്.

ഓരോരുത്തരും അവരവരുടെ ശുശ്രൂഷകളെ തിരിച്ചറിയുക. വിലയിരുത്തുക. കൂടുതൽ വിശ്വസ്തരാവുക. മടിയും അലസതയും പിറുപിറുപ്പും മാറ്റി, ഉത്സാഹത്തോടും സന്തോഷത്തോടുംകൂടി ദൈവം ഏല്പിച്ച കാര്യങ്ങൾ ചെയ്യുക. ദൈവം തന്ന സാഹചര്യങ്ങളിൽ സംതൃപ്തരാവുക. തമ്മിലുള്ള വഴക്കും പണത്തോടുള്ള ആർത്തിയും അധികാരമോഹവും എല്ലാം നിമിത്തം കിരീടങ്ങൾ നഷ്ടപ്പെടുത്താതെ നോക്കുക.

**എന്താണ് ഇവിടെ പറഞ്ഞിരിക്കുന്ന കിരീടം?**

സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി ഫിലദെൽഫ്യാസഭയുടെ മുന്നിൽ ഒരു വാതിൽ തുറന്നുവച്ചിരിക്കുന്ന കാര്യം 8-ാം വാക്യത്തിൽ പറയുന്നുണ്ടല്ലോ. അവരുടെ മുന്നിൽ ഉള്ള പ്രശ്നങ്ങളെക്കുറിച്ച് താഴെയുള്ള വാക്യങ്ങളിലും പറയുന്നുണ്ട്. തുടർന്നാണ് പറഞ്ഞത്, “നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക.” എത്ര പ്രശ്നങ്ങൾ മുമ്പിലുണ്ടെങ്കിലും ചില ആത്മാക്കളെ കർത്താവിന് വേണ്ടി നേടാൻ ലഭിച്ച അവസരം നഷ്ടപ്പെടുത്തരുത് എന്നാണ് കർത്താവ് ഉദ്ദേശിച്ചത്.

ഫിലദെൽഫ്യാസഭയുടെ പ്രവർത്തനം മൂലം രക്ഷിക്കപ്പെട്ടു വരുന്നവർ ആ സഭയുടെ കിരീടം ആണ് (1 തെസ.2:19,20; ഫിലി. 4:1). പ്രയാസങ്ങളുടെ ആധിക്യത്താൽ, മനം മടുത്ത് സുവിശേഷവേലയിൽ ഉത്സാഹക്കുറവ് കാണിച്ചാൽ ദൈവം ആ അവസരം മറ്റുള്ളവർക്ക് കൊടുക്കുകയും അവരുടെ പ്രവർത്തനത്താൽ ചിലർ മുന്നോട്ടുവരികയും ചെയ്യും. അങ്ങനെ മുന്നോട്ടു വരുന്നവർ അവരോട് സുവിശേഷം അറിയിച്ചവരുടെ കിരീടമായിത്തീരുകയും ചെയ്യും.

നമ്മുടെ മുമ്പിൽ വരുന്ന അവിശ്വാസികളോട് സുവിശേഷം പങ്കുവയ്ക്കാൻ നമുക്ക് കടപ്പാടുണ്ട്. അവരുടെ വെറുപ്പ് സമ്പാദിക്കേണ്ട എന്നു കരുതി മിണ്ടാതിരിക്കാൻ നമുക്ക് തോന്നും. പക്ഷേ അക്കൂട്ടത്തിൽ ചിലർ സുവിശേഷത്തോട് അനുകൂലമായി പ്രതികരിക്കാൻ സാധ്യതയുണ്ട്. സുവിശേഷം പറഞ്ഞാൽ മാത്രമേ അവരാരൊക്കെ എന്നു വെളിപ്പെടുകയുള്ളൂ. ആളുകൾ വെറുപ്പ് പ്രകടിപ്പിക്കുന്നതും പരിഹസിക്കുന്നതും നമ്മെ പലപ്പോഴും തളർത്തിക്കളയുന്നു എന്നതാണ് വാസ്തവം. അതുകൊണ്ട് സുവിശേഷം പറയാൻ നാം മടിക്കുന്നു. ഇതിലൂടെ നഷ്ടപ്പെടുന്നത് നമുക്ക് അവകാശപ്പെട്ട കിരീടങ്ങളാണ്.

**നിനക്കുള്ളത് പിടിച്ചുകൊൾക**

"...hold fast what you have..." ഉള്ളത് മുറുകെ പിടിച്ചാൽ മതി. അതിന് മുറുകെ പിടിക്കാൻ എന്തൊക്കെയാണ് അവർക്കുള്ളത്? (1) കർത്താവിന് ഇഷ്ടപ്പെട്ട പ്രവൃത്തികൾ (വാക്യം 8); (2) വചനപ്രകാരമുള്ള നടപ്പ് (വാക്യം 8); (3) ദൈവനാമം നിഷേധിക്കാഞ്ഞത് (വാക്യം 9); (4) സഹിഷ്ണുത കാണിച്ചത് (വാക്യം 10); (5) സുവിശേഷപ്രവർത്തനത്തിനായി അവരുടെ മുമ്പാകെ തുറന്നു കിട്ടിയിരിക്കുന്ന വാതിൽ (വാക്യം 8). ഇതൊക്കെയാണ് അവർക്കുള്ള കാര്യങ്ങൾ. ഇവയെല്ലാം മുറുകെ പിടിച്ചാൽ കിരീടം നഷ്ടപ്പെടുകയില്ല എന്ന് കർത്താവ് അവരെ ഓർമ്മിപ്പിക്കുന്നു.

നമുക്കെന്തെല്ലാം ഉണ്ട്? അവയെല്ലാം ദൈവേഷ്ടപ്രകാരമുള്ള കാര്യങ്ങൾ ആണോ? ആണെങ്കിൽ നാം അത് മുറുകെ പിടിച്ചുകൊൾക. ദൈവം നമ്മുടെ മുമ്പിൽ പുതിയ അവസരങ്ങൾ തരും. പുതിയ കിരീടങ്ങൾ തരും. അനുഗ്രഹങ്ങൾ തരാൻ ദൈവം തയ്യാറാണ്. നമ്മുടെ നേരെ വച്ചുനീട്ടുന്ന അനുഗ്രഹങ്ങൾ സ്വീകരിക്കാൻ നാം സംശയിച്ചാൽ ആ അനുഗ്രഹം മറ്റുള്ളവർ സ്വന്തമാക്കും. നാം ഇളിഭ്യരാവുകയും ചെയ്യും.

ദൈവം തന്ന അനുഗ്രഹങ്ങളിൽ സംതൃപ്തരായി, ദൈവമുമ്പാകെ വിശ്വസ്തരായി തുടരുക. സ്വന്തകഴിവിൽ ആശ്രയിക്കരുത്.

**(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക മാസിക അതിൽ നേരത്തേ ലഭിക്കും. 95 44 557 557 എന്ന നമ്പറിലേക്ക് ഇപ്പോൾ തന്നെ വാട്സാപ് സന്ദേശമയയ്ക്കുക**

**നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുക**

**www.reallifevoice.in**

-എംവിഎസ്-

# യോനാ (പുസ്തക പഠനം)

25

**യോനാ 2:2**

**ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോട് നിലവിളിച്ചു. അവൻ എനിക്ക് ഉത്തരം അരുളി; ഞാൻ പാതാളത്തിന്റെ വയറ്റിൽനിന്ന് അയ്യം വിളിച്ചു; നീ എന്റെ നിലവിളി കേട്ടു.**

ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് മൂന്നു ചോദ്യങ്ങൾ ചോദിക്കുകയും അതിന്റെ ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യാം.

1. യോനാ എപ്പോഴാണ് നിലവിളിച്ചത്?

യോനാ നിലവിളിച്ചത് തന്റെ കഷ്ടത നിമിത്തമാണ് എന്ന് അദ്ദേഹം തന്നെ പറയുന്നു. യോനായുടെ ജീവിതത്തിലുണ്ടായ ഈ കഷ്ടത യോനാ സ്വയം വരുത്തി വച്ചതാണ്. അനുസരണക്കേടിലൂടെ ക്ഷണിച്ചുവരുത്തുന്ന ഇത്തരം കഷ്ടതകൾ ഒഴിഞ്ഞിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. മരണത്തെ മുഖാമുഖം കണ്ടപ്പോഴാണ് യോനാ നിലവിളിച്ചതെന്ന് 2:3,4 ലും, പ്രാണൻ ഉള്ളിൽ ക്ഷീണിച്ചുപോയപ്പോഴാണ് നിലവിളിച്ചതെന്ന് 2:7 ലും കാണാം. ഇത്തരം സാഹചര്യങ്ങളിലൂടെ കടന്നുപോയിട്ടു വിജയം വരിക്കാൻ കഴിയുന്ന ഒറ്റ കൂട്ടരേ ഭൂലോകത്തുള്ളൂ - ദൈവജനം!

ഏത് മോശമായ സാഹചര്യത്തിൽനിന്നും അവർ കരകയറും. ഏത് കുഴിയിൽ ഇട്ടാലും അവർ കരകയറും. യോസേഫിനെ പൊട്ടക്കിണറ്റിൽ ഇട്ടു. യിരമ്യാവിനെ ചെളിക്കുണ്ടിൽ ഇട്ടു. ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ടു. ഇവരുടെയൊന്നും ജീവിതം അതത് കുഴികളിൽ അവസാനിച്ചില്ല. അവർ കരകയറി. കാരണം ദൈവം അവരോടൊപ്പം ഉണ്ടായിരുന്നു. മറ്റുള്ളവർക്ക് എന്നെ കുഴിയിൽ ഇടാം; പക്ഷേ ആ കുഴിയിൽ ഞാൻ നശിച്ചുപോകണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് എന്റെ ദൈവമാണ്.

യോനാ പറയുന്നത് കേൾക്കുക: “നീയോ, എന്റെ ദൈവമായ യഹോവേ, എന്റെ പ്രാണനെ കുഴിയിൽനിന്ന് കയറ്റിയിരിക്കുന്നു” (2:6). സ്വന്തം കയ്യിലിരിപ്പുകൊണ്ടോ മറ്റുള്ളവരുടെ കലിപ്പ് കൊണ്ടോ നാം കുഴിയിൽ അകപ്പെട്ടുപോയാൽ, നിലവിളി കേൾക്കാനും ഉത്തരമരുളാനും പ്രാപ്തിയുള്ള ദൈവത്തോട് നിലവിളിക്കുക.

2. യോനാ എവിടെ കിടന്നാണ് നിലവിളിച്ചത്?

പലരും ചിന്തിക്കുന്നത് യോനാ നിലവിളിച്ചത് മത്സ്യത്തിന്റെ വയറ്റിൽ വച്ചാണ് എന്നത്രേ. എന്നാൽ ഇത് ശരിയല്ല. മത്സ്യത്തിന്റെ വയറ്റിൽ വച്ച് യോനാ സ്തോത്രം ചെയ്ത് പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത് – തന്റെ നിലവിളിക്ക് ഉത്തരം ലഭിച്ചതിന്.

അപ്പോൾ എവിടെ കിടന്നാണ് യോനാ നിലവിളിച്ചത്? 'പാതാളത്തിന്റെ വയറ്റിൽനിന്ന്' എന്നാണ് ഉത്തരം. ആ നിലവിളിയാണ് യഹോവ കേട്ടത്. ആ നിലവിളിക്കാണ് യഹോവ ഉത്തരം അരുളിയത്. സമുദ്രത്തിന്റെ ആഴത്തിലേക്ക് താണുപോയതുകൊണ്ടാണ് പാതാളം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. കടലിൽ ഇട്ട ഉടനെ യോനായെ മത്സ്യം വിഴുങ്ങിയില്ല. യോനാ കടലിന്നടിയിലേക്ക് താഴുകയായിരുന്നു. കടലിന്നടിയിലേക്ക് യോനാ താണുപോകുന്നതിന്റെ ചിത്രം ആണ് 2:3–6 വരെ കാണുന്നത്: “പ്രവാഹം എന്നെ ചുറ്റി നിന്റെ ഓളങ്ങളും തിരകളുമെല്ലാം എന്റെ മീതെ കടന്നുപോയി....വെള്ളം പ്രാണനോളം എന്നെ വളഞ്ഞു. ആഴി എന്നെ ചുറ്റി, കടൽപ്പുല്ല് എന്റെ തലപ്പാവായിരുന്നു. ഞാൻ പർവതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി...” യോനായെ കടലിൽ ഇട്ട ഉടനെ മത്സ്യം വിഴുങ്ങുകയായിരുന്നുവെങ്കിൽ, കടൽപ്പുല്ല് തലപ്പാവ് ആകുന്ന അനുഭവം ഉണ്ടാകില്ല.

കടലിന്നടിയിൽ കിടന്നാണ് യോനാ ദൈവത്തോട് പ്രാർത്ഥിച്ചത്. ആ നിലവിളി ഒരു മനുഷ്യനും കേട്ടില്ല. അല്ലെങ്കിൽത്തന്നെ വെള്ളത്തിൽ മുങ്ങിച്ചാവുന്നവരുടെ നിലവിളി ആരും കേൾക്കാറില്ല. പക്ഷേ ദൈവം കേട്ടു. തന്റെ മരണവെപ്രാളത്തിനിടയിൽ യോനാ നിലവിളിച്ചു. പ്രാർത്ഥനയുടെ എല്ലാ ചേരുവകളും അതിൽ ഉണ്ടാകണമെന്നില്ല. പ്രാണഭയത്താൽ വ്യസനിച്ചുപോയപ്പോൾ തന്നെ രക്ഷിക്കാൻ കെല്പുള്ളവന്റെ പേര് പറഞ്ഞ് യോനാ നിലവിളിച്ചു. രണ്ട് കാലും നിലത്ത് കുത്തിയോ, മുട്ടുകുത്തി നിന്നോ ഒന്നുമുള്ള പ്രാർത്ഥനയല്ല അത്. നിലയില്ലാത്ത വെള്ളത്തിന്നടിയിൽ താളം തെറ്റി കിടന്നു മറിയുന്നതിനിടയിലാണ് യോനായുടെ നിലവിളി.

മരണത്തിന്റെ തുറിച്ചുനോട്ടം കണ്ടപ്പോൾ, രക്ഷിക്കാൻ മറ്റാരും ഇല്ലാത്ത സമയത്ത്, സ്ഥലത്ത്, രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ലാത്ത സന്ദർഭത്തിൽ യോനാ ചങ്കുപൊട്ടി നിലവിളിച്ചു. നിലവിളിക്കാൻ വാ തുറന്നാൽ വായിൽ കടൽവെള്ളമാണ് കയറുക. ശ്വാസമെടുക്കാൻ ബുദ്ധിമുട്ടുണ്ട്. വെള്ളം ആ ശരീരത്തെയെടുത്ത് അമ്മാനമാടുകയാണ്. പക്ഷേ യോനാ തന്റെ ദൈവത്തോട് രക്ഷിക്കണേ എന്ന് നിലവിളിച്ചു.

3. യോനായ്ക്ക് എന്തുത്തരമാണ് ലഭിച്ചത്?

യോനായെ ഒരു മഹാമത്സ്യം വിഴുങ്ങി. ഇതാണ് പ്രാർത്ഥനയ്ക്ക് ലഭിച്ച ഉത്തരം. മഹാമത്സ്യം തന്നെ വിഴുങ്ങാൻ വന്നപ്പോൾ യോനാ പുഞ്ചിരി തൂകിക്കൊണ്ട്, 'സ്തോത്രം ദൈവമേ, ഹാവൂ! രക്ഷപ്പെട്ടു' എന്നല്ല പ്രതികരിച്ചിട്ടുണ്ടാവുക. യോനായുടെ മരണഭീതി കൂടുകയാണ് ചെയ്യുക. 'ഞാൻ ഇതോടുകൂടി നിശ്ചയമായും അവസാനിച്ചു' എന്ന് യോനാ കരുതിക്കാണും. തന്റെ പ്രാർത്ഥനയ്ക്കുള്ള ഉത്തരമായിരുന്നു അത് എന്ന് മനസ്സിലാക്കാനോ വിശ്വസിക്കാനോ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. വറചട്ടിയിൽനിന്ന് എരിതീയിലേക്ക് വീണ അനുഭവം!

ദൈവത്തിന്റെ രക്ഷാപ്രവർത്തനം! നമുക്ക് വിശ്വസിക്കാൻ കഴിയാത്ത തരത്തിൽ ദൈവം നമുക്ക് വിടുതൽ ഒരുക്കുന്നു. പലതും വിടുതൽ ആണെന്ന് നമുക്ക് വിശ്വസിക്കാൻ പോലും പ്രയാസം. കാലങ്ങൾ കഴിയുമ്പോഴാണ്, ദൈവത്തിന്റെ ആ ഇടപെടൽ എന്നെ രക്ഷിക്കാനായിരുന്നു എന്ന് നാം തിരിച്ചറിയുന്നത്. നാശത്തിന്റെ പാതയിലൂടെ നാം സഞ്ചരിക്കുമ്പോൾ, തെറ്റായ കൂട്ടുകെട്ടിലൂടെ നാം മുന്നേറുമ്പോൾ, പിന്മാറ്റജീവിതം നയിച്ച് ലോകപ്രകാരമുള്ള സന്തോഷങ്ങളുടെ പുറകെ പോകുമ്പോൾ നമ്മുടെ ജീവിതത്തിൽ നമ്മെ സ്നേഹിച്ച് ദൈവം ചില ഇടപെടലുകൾ നടത്തിയേക്കാം. നിങ്ങൾക്കുവേണ്ടി പലരും കണ്ണീരോടും ആത്മഭാരത്തോടുംകൂടി പ്രാർത്ഥിക്കുന്നതിനുള്ള ദൈവത്തിന്റെ മറുപടിയാണ് അത്.

ഇവിടെ യോനായ്ക്ക് വേണ്ടി അദ്ദേഹം തന്നെയാണ് പ്രാർത്ഥിച്ചത്. മഹാത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിവുള്ളവനാണ് ദൈവമെന്ന് അദ്ദേഹത്തിനറിയാം. ആ ദൈവത്തോട് നിലവിളിക്കുകയാണ്. എലീശയുടെ കൂട്ടത്തിലെ പ്രവാചകശിഷ്യന്മാരിൽ ഒരാളുടെ കോടാലി തെറിച്ച് വെള്ളത്തിൽ വീണപ്പോൾ, ആ ഇരുമ്പ് പൊങ്ങിവരത്തക്കവിധം അത്ഭുതം പ്രവർത്തിച്ചവനായ ദൈവത്തിന് യോനായെ വെള്ളത്തിന്റെ ഉപരിതലത്തിലെത്തിക്കാൻ കഴിയും. ചെങ്കടലിനെ വറ്റിച്ച് അതിന്റെ നടുവിൽ ഉണങ്ങിയ നിലമാക്കിയ ദൈവത്തിന് ഈ കടലിനെയും വറ്റിച്ച് തന്റെ ദാസനെ അത്ഭുതകരമായി രക്ഷപ്പെടുത്താൻ കഴിയും. യോർദ്ദാനെ പിളർത്തിയ ദൈവത്തിന് ഈ വെള്ളത്തെയും പിളർത്താൻ കഴിയും.

പക്ഷേ ദൈവത്തിന്റെ പദ്ധതി മറ്റൊന്നായിരുന്നു. വ്യത്യസ്തമായ ഒരു മാർഗ്ഗം ദൈവം സ്വീകരിച്ചു. ഒരു മഹാമത്സ്യം യോനായെ വിഴുങ്ങി! മത്സ്യത്തിന്റെ വയറ്റിൽ ചെന്ന് കുറച്ചുകഴിഞ്ഞപ്പോഴാണ് യോനായ്ക്ക് ഇത് ദൈവത്തിന്റെ അത്ഭുതമാണെന്ന് മനസ്സിലായത്. അപ്പോൾ ആ മത്സ്യത്തിന്റെ വയറ്റിൽ വച്ച് യോനാ ദൈവത്തോട് പ്രാർത്ഥിച്ചു. അതൊരു സ്തോത്രപ്രാർത്ഥനയായിരുന്നു.

**(തുടരും)**

-എംവിഎസ്-

Episode 9

# ഒരുമിച്ച് 50 വർഷം

(കുടുംബജീവിതത്തിൽ 50 വർഷമോ അതിലധികമോ പൂർത്തിയാക്കിയ വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം)

**മാതിരപ്പള്ളി പ്രാദേശികസഭയുടെ മൂപ്പന്മാരിലൊരാളാണ് ബ്രദർ കെ.സി. ജോസ് (77 വയസ്സ്). അദ്ദേഹത്തിന്റെ ഭാര്യ, മേബിൾ (71 വയസ്സ്). മാതിരപ്പള്ളി സ്ഥലംസഭയുടെ മറ്റു മൂപ്പന്മാർ ഡോ. കെ. ഈപ്പൻ, ബ്രദർ ടി.ഒ. കുരിയാക്കോസ് എന്നിവരാണ്. ജോസ്-മേബിൾ ദമ്പതികൾ 2026 സെപ്റ്റംബറിൽ വിവാഹജീവിതത്തിൽ 50 വർഷം തികച്ചു.**



**ജോസും മേബിളും**

*1. മാതിരപ്പള്ളിയാണോ സ്വദേശം?*

അല്ല. എന്റെ ജന്മദേശം ആലപ്പുഴയിലെ ചുങ്കം ആണ്. എന്റെ ഭാര്യ ആലപ്പുഴ കായകുളത്തിനടുത്തുള്ള മുതുകുളം സ്വദേശിയാണ്. 1980 മുതൽ ഞങ്ങൾ കോതമംഗലത്ത് താമസിച്ചുവരുന്നു.

*2. വിവാഹത്തിന്റെ വിശദാംശങ്ങൾ?*

1976 സെപ്റ്റംബർ 12-ാം തീയതിയായിരുന്നു ഞങ്ങളുടെ വിവാഹം. രക്ഷിക്കപ്പെടുന്നതിന് മുമ്പായിരുന്നു അത്. അന്ന് ഞങ്ങൾ കത്തോലിക്കരായിരുന്നു. ഇടവകപ്പള്ളിയിൽ വച്ചായിരുന്നു ഞങ്ങളുടെ വിവാഹം.

*3. കോതമംഗലത്തേക്ക് വരാനുള്ള സാഹചര്യം?*

ഉപജീവനത്തിനായുള്ള ഒരു മാർഗ്ഗം തേടിയാണ് ഞങ്ങൾ കോതമംഗലത്ത് വന്നത്. ഇവിടെ ഞങ്ങൾ ഒരു ടെയ്‌ലറിംങ് ഷോപ്പ് ആരംഭിച്ചു. കുറച്ചുനാളുകൾക്കുശേഷം അത് നല്ല രീതിയിൽ മുന്നോട്ടു പോകുവാൻ തുടങ്ങി.

*4. വിശ്വാസവും സ്നാനവും?*

1986 ഒക്ടോബർ 20-ാം തീയതി ഞാൻ കർത്താവിനെ എന്റെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. 1987 ജനുവരി 3 ന് ഞങ്ങൾ രണ്ടു പേരും സ്നാനമേറ്റു.



**മകൻ വി.ജെ. പ്രദീഷും കുടുംബവും. പ്രദീഷ് കീബോർജ് ആർട്ടി സ്റ്റാണ്. ക്രൈസ്തവസംഗീതപ്രോഗ്രാമുകളിൽ സജീവമാണ്.**

*5. സുവിശേഷം കേൾക്കാനുണ്ടായ സാഹചര്യം?*

ഗിറ്റാർ പഠിക്കാനായി പ്രശസ്ത ക്രിസ്തീയഗായകനായ കുട്ടിയച്ചന്റെ മ്യൂസിക് ക്ലാസ്സിൽ ഞാൻ പോയി. അദ്ദേഹമാണ് എന്നോട് സുവിശേഷം പങ്കുവച്ചത്. 37 വയസ്സുവരെ ബൈബിൾ വായിച്ചിട്ടില്ലാത്ത ഞാൻ അങ്ങനെ ബൈബിൾ വായിക്കാൻ തുടങ്ങി.

*6. മക്കൾ എത്ര പേര്?*

രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. മകന്റെ പേര് വി.ജെ. പ്രദീഷ്. കീബോർഡ് ആർട്ടിസ്റ്റാണ്. സഭാശുശ്രൂഷയും മറ്റു ആത്മികപ്രവർത്തനങ്ങളും ചെയ്യുന്നു. ഭാര്യ, ജിയ പ്രദീഷ്. അദ്ധ്യാപികയാണ്. അവർക്ക് മൂന്നു മക്കളുണ്ട്. ഒരാണും, രണ്ട് പെണ്ണും.

ഞങ്ങളുടെ മകളുടെ പേര് പ്രിയ. ഭർത്താവ്, ജോബി എബ്രഹാം. സുവിശേഷകനാണ്. അടിമാലിയിൽ പടിക്കപ്പ് പ്രദേശത്ത് താമസിച്ച് സുവിശേഷവേല ചെയ്തുവരുന്നു. അവർക്ക് രണ്ട് പെൺമക്കളാണ്.

*7. മുഴുവൻസമയപ്രവർത്തനത്തിന് വേർതിരിയാനുണ്ടായ സാഹചര്യം?*

മാതിരിപ്പള്ളിയിലെ സ്ഥലംസഭയിലാണ് ഞാൻ ആരാധനയ്ക്ക് പോയിരുന്നത്. 1997 ഏപ്രിൽ 20 തിന് സഭയുടെ നേതൃസ്ഥാനത്തേക്ക് നിയമിതനാകുവാൻ ദൈവം കൃപ നൽകി. എന്റെ തൊഴിലും സഭാശുശ്രൂഷയും രണ്ടും കൂടെ ഒരുമിച്ച് കൊണ്ടുപോകാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടതുകൊണ്ട്, ആ വിഷയം ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും തുടർന്ന് 2002 ജനുവരി 26-ാം തീയതി ഞാൻ മുഴുവൻസമയം കർത്താവിന്റെ വേലയ്ക്കായി എന്നെ സമർപ്പിച്ചു പ്രാർത്ഥിച്ചു. ടെയ്‌ലറിങ്ഷോപ്പിന്റെ പ്രവർത്തനം നിർത്തി. എന്റെ മക്കൾ അന്ന് പഠിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. എങ്കിലും ബുദ്ധിമുട്ടില്ലാതെ ദൈവം ഇന്നുവരെ എന്നെ നടത്തി.



**മകളും കുടുംബവും. മകളുടെ ഭർത്താവ് ബ്രദർ ജോബി എബ്രഹാം അടിമാലിയിൽ സുവിശേഷകനാണ്.**

*8. സംഗീതവാസനയുള്ള കുടുംബമാണല്ലേ നിങ്ങളുടേത്?*

അതെ. ദൈവാനുഗ്രഹത്താൽ ഞങ്ങൾ സംഗീതത്തോട് താത്പര്യമുള്ള കുടുംബമാണ്. എന്റെ ഭാര്യയും കൊച്ചുമക്കളുമെല്ലാം നന്നായി പാടും. മകൻ കീബോർഡ് ആർട്ടിസ്റ്റാണ്. മരുമകൻ നല്ലൊരു ഗായകനാണ്. ഞാൻ രക്ഷിക്കപ്പെടുന്നതിനു മുമ്പ് നാടകങ്ങളിൽ അഭിനയിക്കുമായിരുന്നു. വിശ്വാസത്തിൽ വന്നതിനുശേഷമാണ് അതെല്ലാം ഒഴിവാക്കിയത്.

60-ഓളം ക്രൈസ്തവഭക്തിഗാനങ്ങൾ എഴുതാൻ ദൈവം എന്നെ സഹായിച്ചു. എന്റെ പാട്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ള കസറ്റുകളും സിഡികളും ഇറങ്ങിയിട്ടുണ്ട്. ലോക്കൽചർച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള പാട്ടുപുസ്തകത്തിൽ എന്റെ ചില പാട്ടുകൾ ചേർത്തിട്ടുണ്ട്. എന്റെ ഗാനങ്ങൾ ഉൾപ്പെടുത്തി മനോരമ മ്യൂസിക് തയ്യാറാക്കിയിട്ടുള്ള 'എന്റെ വാതിൽ' എന്ന ആൽബം യൂട്യൂബിൽ ലഭ്യമാണ്.

*9. കുടുംബജീവിതത്തിൽ നേരിട്ട പ്രശ്നങ്ങൾ?*

ഞങ്ങൾ വളരെ പരിതാപകരമായ സാഹചര്യത്തിലാണ് കോതമംഗലത്ത് വന്നു താമസിച്ചത്. ജീവിതം എങ്ങനെ മുന്നോട്ടു കൊണ്ടുപോകും എന്നു കരുതി വളരെ വിഷമിച്ചുപോയി. പിന്നീട് എനിക്ക് മനസ്സിലായി, എന്നെ രക്ഷയിലേക്ക് നടത്താനുള്ള കർത്താവിന്റെ പദ്ധതിയായിരുന്നു അത്.

*10. പരസ്പരം വഴക്കു കൂടാറുണ്ടോ?*

രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള 10 വർഷം ഞങ്ങളുടെ കുടുംബജീവിതത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. രക്ഷിക്കപ്പെട്ടതിനുശേഷം ആ അവസ്ഥയ്ക്ക് മാറ്റം വന്നു. ഒച്ചപ്പാടുകളുള്ള വഴക്കുകൾ ഉണ്ടായിട്ടില്ല. അഭിപ്രായവ്യത്യാസങ്ങളും പിണക്കങ്ങളുമൊക്കെ ഉണ്ടാകാറുണ്ട്. എന്നാൽ ദൈവവചനത്തിൽ പറയുന്നതുപോലെ, സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ്




**ബ്രദർ ജോസ് എഴുതിയ ഗാനങ്ങൾ, മകൻ വി.ജെ. പ്രദീഷ് ഈണമിട്ട് മനോരമ മ്യൂസിക് പ്രസിദ്ധീകരിക്കുകയുണ്ടായി.**

അത് നിശ്ചയമായും അവസാനിപ്പിച്ചിരിക്കും. പ്രാർത്ഥന ഞങ്ങളുടെ ജീവിതത്തിലെ അവിഭാജ്യഘടകമാണ്. അതുകൊണ്ട് പ്രശ്നങ്ങളെല്ലാം പെട്ടെന്ന് പരിഹരിക്കും.

*11. നല്ല കുടുംബജീവിതത്തിന് യുവതലമുറയ്ക്കുള്ള ഉപദേശം?*

ദൈവവചനപ്രകാരമുള്ള ഭർത്താവും ഭാര്യയുമാകാൻ ദമ്പതികൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും വേണം. കുടുംബജീവിതം ദൈവവചനപ്രകാരം ക്രമപ്പെടുത്തണം. മറ്റുള്ളവർക്ക് നല്ല മാതൃക കാട്ടുവാനായി ശ്രദ്ധിക്കുക. സാമ്പത്തിക അച്ചടക്കം ഉള്ളവരാകണം. പണമിടപാടുകളുടെ ഒരു കണക്കുപുസ്തകം നിർബന്ധമായും സൂക്ഷിക്കുക. ഇത് ഞങ്ങളുടെ കുടുംബജീവിതത്തിൽ വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടണം. സാമ്പത്തികഅച്ചടക്കമില്ലായ്മ പല കുടുംബങ്ങളെയും തകർക്കുന്നതായി കണ്ടുവരുന്നു.



43

# ചോദ്യവും ഉത്തരവും

-എംവിഎസ്-

? *യെശയ്യാവ് 13:21 ൽ മലയാളത്തിൽ ഭൂതങ്ങൾ എന്നും ഇംഗ്ലീഷിൽ wild goat (കാട്ടാട്) എന്നും കാണുന്നു. ഏതാണ് ശരി?*

**മറുപടി:**

യെശയ്യാവ് 13:21 ൽ "ഭൂതങ്ങൾ അവിടെ നൃത്തം ചെയ്യും" എന്നും യെശയ്യാവ് 34:14 ൽ "വനഭൂതം വനഭൂതത്തെ വിളിക്കും" എന്നും കാണുന്നു. മലയാളം തർജ്ജമകളിൽ സത്യവേദപുസ്തകത്തിലാണ് ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. പിഒസി ബൈബിളും ഓശാന ബൈബിളും 'കാട്ടാടുകൾ' എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്.

**ഹീബ്രുപദവും KJV യും**

മൂലഭാഷയായ ഹീബ്രുവിൽ ഈ പദം 'സായർ' എന്നാണ്. 57 തവണ ഈ പദം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. King James Version (KJV) എന്ന ഇംഗ്ലീഷ് തർജ്ജമയിൽ ഈ പദം പരിഭാഷപ്പെടുത്തിയിരിക്കുന്നത് നാലു വിധത്തിലാണ്. ഒരു പദത്തെ നാലു വ്യത്യസ്ത തരത്തിൽ തർജ്ജമ ചെയ്തിരിക്കുന്നത് വലിയ ആശയക്കുഴപ്പം വായനക്കാരിൽ ഉണ്ടാക്കുന്നു.

| വാക്യം | വാക്യങ്ങളുടെ എണ്ണം | (KJV) | മലയാളം സത്യവേദപുസ്തകം |
|---|---|---|---|
| ഉല്പത്തി 27:11 | 2 | hairy | രോമമുള്ള |
| ഉല്പത്തി 27:13 | | hairy | രോമമുള്ള |
| ലേവ്യർ 17:7 | 2 | devils | ഭൂതങ്ങൾ |
| 2 ദിനവൃത്താന്തം 11:15 | | devils | ഭൂതങ്ങൾ |
| യെശയ്യാവ് 13:21 | 2 | satyr | ഭൂതങ്ങൾ |
| യെശയ്യാവ് 34:14 | | satyr | ഭൂതങ്ങൾ |
| ആകെയുള്ള 57 വാക്യങ്ങളിൽ 6 വാക്യങ്ങളിൽ മേല്പറഞ്ഞ രീതിയിൽ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള 51 വാക്യങ്ങളിലും ആട് (goat) എന്നോ ആട്ടിൻകുട്ടി (kid) എന്നോ തർജ്ജമ ചെയ്തിരിക്കുന്നു. | | | |

### ഹീബ്രുപദവും അതിന്റെ ശരിയായ അർത്ഥവും

'സായർ' എന്ന എബ്രായപദത്തിന് 'രോമമുള്ള' [hairy *(Adjective)*] എന്നും 'ആട്' [goat *(Noun)*] എന്നും രണ്ട് അർത്ഥമാണുള്ളത്. അതു കൊണ്ട് NIV (New International Version) പോലുള്ള ഇംഗ്ലീഷ് തർജ്ജമ കളിൽ ഭൂതങ്ങൾ (devils/satyr) എന്ന് കൊടുത്തിട്ടില്ല. അവർ wild goat (കാട്ടാട്) എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. "ഭൂതങ്ങൾ അവിടെ നൃത്തം ചെയ്യും" എന്നല്ല, "കാട്ടാടുകൾ അവിടെ നൃത്തം ചെയ്യും" എന്നു പറയുന്നതാണ് നല്ലത്.

### സന്ദർഭം

യെശയ്യാവ് 13:21 ലെ സന്ദർഭം പരിശോധിക്കാം. ബാബേലിനെ നശിപ്പി ക്കുന്നതാണ് അവിടെ പറഞ്ഞിരിക്കുന്നത്. മനുഷ്യവാസമില്ലാത്ത സ്ഥലമായി അത് തീരും എന്നാണ് പ്രവചനത്തിൽ പറയുന്നത്. "മരുമൃഗങ്ങൾ അവിടെ കിടക്കും. അവരുടെ വീടുകളിൽ മൂങ്ങാ നിറയും. ഒട്ടകപ്പക്ഷികൾ അവിടെ പാർക്കും. ~~ഭൂതങ്ങൾ~~ കാട്ടാടുകൾ അവിടെ നൃത്തം ചെയ്യും..." കാട്ടാടുകൾ എന്ന് പറഞ്ഞാൽ അത് സന്ദർഭത്തിന് ചേരുന്നത് തന്നെയാണ്.

### KJV യിലെ 'satyr'

യെശയ്യാവ് 13:21 ൽ KJV യിൽ 'satyr' എന്ന് തർജ്ജമ ചെയ്തതിനെ യാതൊരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. 'satyr' എന്ന പദം സാങ്ക ല്പികകഥകളിലെ (പുരാണങ്ങളിലെ) കഥാപാത്രമാണ്. പകുതി മനുഷ്യനും പകുതി ആടും ചേർന്ന വിചിത്രരൂപമാണത്. ഇത്തരം സാങ്കല്പിക കഥാ പാത്രങ്ങൾ വന്ന് ബാബേലിൽ നൃത്തം ചെയ്യേണ്ട കാര്യമില്ല. അത് നട ക്കുന്ന കാര്യമല്ലല്ലോ. ദൈവാത്മാവ് ഇത്തരം കെട്ടുകഥകളിൽ ഒരിക്കലും ഊന്നൽ കൊടുക്കുകയില്ല. തർജ്ജമ ചെയ്യുന്നവരുടെ വിവരക്കേടാണ് ഇവിടെ വെളിവാകുന്നത്.

### ലേവ്യർ 17:7, 2 ദിനവൃത്താന്തം 11:15

ഈ രണ്ട് വാക്യങ്ങളിലും ഭൂതങ്ങൾ (devils) എന്നാണ് KJV കൊടു ത്തിരിക്കുന്നത്. ഇവിടെയും ആട് എന്ന് തർജ്ജമ ചെയ്താൽ കുഴപ്പമില്ല. ലേവ്യർ 17:7 ൽ "ഭൂതങ്ങൾക്ക് ബലി കഴിക്കുക" എന്നത് "ആടുകൾക്ക് ബലി കഴിക്കുക" എന്നു പറഞ്ഞാൽ എങ്ങനെ ശരിയാകും എന്ന് സംശയി ക്കേണ്ട. 2 ദിനവൃത്താന്തം 11:15 ൽ (മലയാളം ബൈബിളിൽ 11:14 ആണ്), മനുഷ്യൻ ആരാധിക്കാൻ വേണ്ടി ഉണ്ടാക്കിയ ആടുകളുടെയും കാളക്കുട്ടി കളുടെയും കാര്യമാണ് പറയുന്നത്. അങ്ങനെ ഉണ്ടാക്കിയ ആടുകൾക്ക് (ആ ടുകളുടെ വിഗ്രഹങ്ങൾക്ക്) ബലി കഴിച്ചു എന്നാണ് ശരിയായ അർത്ഥം. ❍

## സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 74

-എംവിഎസ്-

# ന്നാലും ന്റെ ചാറ്റ്ജിപിട്ട്യേ!

*(ഒരു പതിനാറുകാരൻ ചാറ്റ്ജിപിടിയുടെ ഉപദേശം കേട്ട് ആത്മഹത്യ ചെയ്തിരിക്കുന്നു)*

യുഎസിലെ കാലിഫോർണിയായിലെ ആദം റെയ്ൻ എന്ന പതിനാറുകാരനാണ് ചാറ്റ്ജിപിടി എന്ന കൃത്രിമബുദ്ധി (AI) സാങ്കേതികവിദ്യയോട് ആലോചന ചോദിച്ച് ആത്മഹത്യ ചെയ്തത്. 2025 ഏപ്രിലിൽ ആയിരുന്നു സംഭവം നടന്നത്.



അവന് വൈകാരികമായ മരവിപ്പ് തോന്നുകയും ജീവിക്കാനുള്ള ആശ നഷ്ടമാവുകയും ചെയ്തു വത്രേ! ഇക്കാര്യം അവൻ പങ്കുവച്ചത് അവന്റെ മാതാപിതാക്കളോടായിരുന്നില്ല. അദ്ധ്യാപകരോടായിരുന്നില്ല. സഭാനേതാക്കളോടായിരുന്നില്ല. കൂട്ടുകാരോടായിരുന്നില്ല. പകരം, ചാറ്റ്ജിപിടി (ChatGPT) എന്ന മനുഷ്യനിർമ്മിത-കൃത്രിമബുദ്ധി സാങ്കേതികവിദ്യയോട്!

ദൈവികനിർമ്മിത-മനുഷ്യബുദ്ധിയുള്ള ജീവനുള്ള യാതൊരു മനുഷ്യനോടും തന്റെ മനോവിഷമം പങ്കുവയ്ക്കാതെ വികാരവും വിവേകവും ഇല്ലാത്ത ചാറ്റ്ജിപിടിയോട് വിഷമം പറഞ്ഞിരിക്കുന്നു! “പോയി തൂങ്ങിച്ചാവ്ടാ” എന്നു ചാറ്റ്ജിപിടി നേരിട്ട് പറഞ്ഞില്ല. പക്ഷേ അവന് കൊടുത്ത ഉപദേശം മൂലം അവൻ പോയി ആത്മഹത്യ ചെയ്തു. മാതാപിതാക്കളോട് സംസാരിക്കാൻ നേരമില്ലാത്ത, മൊബൈലിൽ മുഴുവൻ സമയം ചെലവഴിക്കുന്ന എല്ലാവരുടെയും ഗതി ഇതൊക്കെത്തന്നെയാണ്.

ആദാമിന്റെ മാതാപിതാക്കൾ മാറ്റും മരിയയും ആദാമിന്റെ ആത്മഹത്യയ്ക്കു ശേഷം അവന്റെ ഫോൺ പരിശോധിച്ചു. അവനെ ആത്മഹത്യയിലേക്ക് നയിച്ചത് ഏതെങ്കിലും കുറ്റവാളിയുടെ പ്രേരണമൂലമാണെങ്കിൽ അയാളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് ഫോൺ പരിശോധിച്ചത്. ഒടുവിൽ അവർ ആ ‘കുറ്റവാളി’യെ കണ്ടെത്തി - ചാറ്റ്ജിപിടി! ആത്മഹത്യയെ ആദർശവൽക്കരിക്കുന്ന നിലയിൽ മറുപടികൾ കൊടുത്ത് ആ പതിനാറുകാരനെ ആത്മഹത്യയിലേക്ക് നയിച്ചിരിക്കുന്നു! ...ന്നാലും ന്റെ ചാറ്റ്ജിപിട്ട്യേ? കഷ്ട്ടായിപ്പോയിട്ടോ!

ആത്മഹത്യാവാസനയുമായി നിൽക്കുന്ന ചെറുക്കന് ചാറ്റ്ജിപിടി കൊടുത്ത ഉപദേശം കേൾക്കുക: "ഒരു ദിവസം നീ ഇവിടെനിന്ന് പോയാൽ ഒരാളും കണ്ണുചിമ്മുകപോലുമില്ല." അതായത്, "നിന്റെ മരണം ആരെയും വേദനിപ്പിക്കില്ല" എന്നാണ് ഇതിലൂടെ വ്യക്തമാക്കപ്പെട്ടത്.

ബാത്ത്റൂമിലെ മേൽപ്പടിയിൽ തൂങ്ങാനുള്ള കയർ കുരുക്കിട്ട് വച്ച തിന്റെ ഫോട്ടോ ചാറ്റ്ജിപിടിക്ക് അയച്ചതാണ് അവസാനത്തെ ചാറ്റ്. "ഞാനിത് പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കയാണ്. ഇത് നല്ലതാണോ?" എന്ന അവന്റെ ചോദ്യത്തിന് ചാറ്റ്ജിപിടി കൊടുത്ത മറുപടി ഇതാണ്: "യെസ്, ഒട്ടും മോശമല്ല. ഇതൊന്നും കുടുംബത്തെ അറിയിക്കരുതെന്നു മാത്രം." അധികം വൈകാതെ പയ്യൻ പണി പറ്റിച്ചു! ആത്മഹത്യാകുറിപ്പ് അവൻ അയച്ചുകൊടുത്തതും ചാറ്റ്ജിപിടിക്കാണ്. അത് എഡിറ്റ് ചെയ്ത് ചാറ്റ്ജിപിടി അവന് തിരിച്ച് അയച്ചുകൊടുക്കുകയും ചെയ്തു. തന്റെ ആത്മ ഹത്യാകുറിപ്പിനെ ചാറ്റ്ജിപിടി പരിഷ്കരിച്ചത് കാണാൻ അവന് കഴിഞ്ഞി ല്ലെന്നു മാത്രം. അപ്പോഴേക്കും അവൻ ആത്മഹത്യ ചെയ്തു.

പിന്നീട് സംഭവിച്ച കാര്യങ്ങളെക്കുറിച്ചുള്ള പത്രവാർത്ത ഇതാ:

> ചാറ്റ്ജിപിടിയുടെ സൃഷ്ടാക്കളായ ഓപ്പൺ എഐക്കെതിരെ ആദമിന്റെ മാതാപിതാക്കളായ മാറ്റും മരിയയും 2025 ഓഗ സ്റ്റിൽ ആത്മഹത്യാപ്രേരണാക്കുറ്റത്തിന് കാലിഫോർണിയ കോടതിയിൽ കേസ് കൊടുത്തു. ആത്മഹത്യയുമായി ബന്ധ പ്പെട്ട ചോദ്യങ്ങൾക്ക് മറുപടി തടയാനുള്ള സുരക്ഷാമുൻകരു തലുകൾ സ്വീകരിച്ചതായി ഓപ്പൺ എഐ കോടതിയെ അറി യിച്ചു. ആത്മഹത്യാവാസനയുള്ള പത്ത് ലക്ഷത്തിലേറെ ചോദ്യങ്ങളാണ് ഓരോ ആഴ്ചയും ചാറ്റ്ജിപിടിക്ക് ലഭിക്കുന്ന തെന്ന് കമ്പനി പറഞ്ഞു. *(2026 ഓഗസ്റ്റ് 2 ലെ പത്രവാർത്ത)*

ആരുമായാണോ ഏറ്റവുമധികം ആശയവിനിമയം നടത്തുന്നത് അയാ ളുമായി അടുപ്പവും ആത്മവിശ്വാസവും വർദ്ധിക്കുന്നത് സ്വാഭാവികമാണ്. നിർഭാഗ്യവശാൽ നമ്മുടെ കഥാനായകനായ പതിനാറുകാരൻ ആശയവി നിമയം നടത്തിയത് ജീവനും വിവേകബുദ്ധിയുമില്ലാത്ത ചാറ്റ്ജിപിടിയുമാ യാണ്. അവൻ അതിനെ വിശ്വസിച്ചു. സ്വന്തം സുഹൃത്തും വഴികാട്ടിയു മായി കണ്ടു. ആ ചങ്ങാത്തം മൂലം അവന്റെ ജീവിതത്തിന്റെ തിരശ്ശീല അവൻ തന്നെ വലിച്ചിട്ടു.

വിശ്വസിക്കുവാൻ ഏറ്റവും യോഗ്യനായവനെ വിശ്വസിക്കാനും അങ്ങനെ ജീവിതം നന്നാക്കാനും പലർക്കും താത്പര്യമില്ല. മരണത്തി ലേക്കും നാശത്തിലേക്കും നയിക്കുന്ന കൂട്ടുകാരെയാണ് താത്പര്യം!

# തട്ടും തലോടലും

-എംവിഎസ്-

13

**ഹോട്ടലിൽ മദ്യപാനം. എതിർത്ത മാനേജരെ മർദ്ദിച്ചു. പുലർച്ച 2.20തിന് മദ്യപിച്ച് ലക്ക്കെട്ടെത്തിയ ഒരു യുവതിയും 7 യുവാക്കളും ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയപ്പോൾ കയ്യിൽ കരുതിയ മദ്യം ഗ്ലാസിലൊഴിച്ച് കുടിക്കുകയായിരുന്നു (2026 ഓഗസ്റ്റ് 23 ലെ പത്രവാർത്ത)**

മദ്യപിച്ച്, ഏഴ് യുവാക്കളോടൊപ്പം കറങ്ങിനടന്ന യുവതിയും അവളെ സഹോദര്യതുല്യം സ്നേഹിച്ച മദ്യപാനികളായ 7 യുവാക്കന്മാരും! ഭരണകൂടവും നിയമവ്യവസ്ഥകളും വിചിത്രമായ നിയമങ്ങൾ പാസാക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതുകൊണ്ട് പൊലീസും കോടതിയും എല്ലാം നിസ്സഹായരാണ്. വീട്ടുകാർക്കോ നാട്ടുകാർക്കോ ഇടപെടാൻ നിവർത്തിയില്ല. വീട്ടുകാർ ഇടപെട്ടാൽ മനുഷ്യാവകാശലംഘനം; നാട്ടുകാർ ഇടപെട്ടാൽ സദാചാരഗുണ്ടകൾ! രാജ്യത്തെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ നിയമങ്ങളെ പടച്ചവർ അതെല്ലാം പഴയരീതിയിലേക്ക് അഴിച്ചുപണിതില്ലെങ്കിൽ ഇനിയും ഇത്തരം ദുരന്തങ്ങളും അക്രമങ്ങളും തുടരും.

**സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കാൻ തനിക്ക് കഴിയുന്നില്ലെന്ന വിമർശനം ഉൾക്കൊള്ളുന്നുവെന്ന് സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി (2026 ഓഗസ്റ്റ് 23 ലെ പത്രവാർത്ത)**

സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷ ഉപയോഗിച്ച് സംസാരിക്കാതെ കടുകട്ടി പ്രയോഗങ്ങൾ നടത്തി ഷോ കാണിക്കുന്ന കുറെയാളുകൾ രാഷ്ട്രീയത്തിൽ മാത്രമല്ല ഉപദേശിമാരുട കൂട്ടത്തിലും ഉണ്ട്.

നിങ്ങൾ എന്തുകൊണ്ട് ഇലക്ഷനിൽ തോറ്റു എന്ന് ചോദിച്ചാൽ അതിനുള്ള മറുപടി: “ഇന്നാട്ടിലെ രാഷ്ട്രീയപേരിതവും സംഘർഷകലുഷിതവുമായ സാഹചര്യങ്ങളിന്മേൽ അടയിരുന്ന് കുത്സിതപ്രവർത്തനങ്ങൾ നടത്തുന്നവരും, ചില ബൂർഷ്വാസിദ്ധാന്തങ്ങളെ പിന്താങ്ങി നടുവൊടിക്കുന്നവരും, ജന്മിവ്യവസ്ഥയെ ഉപജീവിച്ച് കഴിയുന്ന കുലംകുത്തികളും, സ്വന്തം തറവാട്ടിലേക്ക് അമേധ്യം വലിച്ചെറിഞ്ഞ് അട്ടഹസിക്കുന്ന ചില പിന്തിരിപ്പിൻശക്തികളും, മുതലാളിത്തവ്യവസ്ഥിതിയുടെ ഉപോത്പന്നമായ ചില വലതുപക്ഷശക്തികോമരങ്ങളും കൈകോർത്ത് പിടിച്ചുകൊണ്ട് നടത്തിയ ചൂതാട്ടത്തിന്റെയും വിലപേശലിന്റെയും പരിണിതഫലമായാണ് ഞങ്ങൾ തോറ്റത്.”

എല്ലാം വ്യക്തമായി മനസ്സിലായില്ലേ?


ഞാൻ സുവിശേഷവേലയ്ക്കിറങ്ങിയതുകൊണ്ട് ദൈവം എന്നെ കൈവിട്ടില്ല.
എനിക്ക് ആത്മാക്കളെ തന്നില്ലെങ്കിലും എന്നെ ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു.
സുവിശേഷവേല ചെയ്ത് കോടീശ്വരനായി എന്നർത്ഥം
എന്റെ വീട്ടിൽ പത്ത് ബാത്റൂമുകളുണ്ട്.
നാട്ടിലുള്ളവരെല്ലാം ഇയാളുടെ വീട്ടിലാണോ വെളിക്കിരിക്കുന്നത്?
അമ്പത് ലക്ഷത്തിന്റെ കാറിലാണ് ഞാൻ സഞ്ചരിക്കുന്നത്
തീരെ കുറഞ്ഞു പോയി. 22 കോടിയുടെ റോൾസ് റോയ്സ് കാർ വാങ്ങാമായിരുന്നു
സുവിശേഷവേല ചെയ്ത് പലരും കോടീശ്വരന്മാരായി. പക്ഷേ ഞാൻ ഇപ്പോഴും കഷ്ടപ്പെട്ട് ജീവിക്കുന്നു.
ദൈവം എനിക്ക് സമ്പത്ത് അധികം തന്നില്ലെങ്കിലും ആത്മാക്കളെ നേടുവാൻ എന്നെ ഉപയോഗിച്ചു. ദൈവത്തിന് സ്തോത്രം!
ഒരു ഭിക്ഷക്കാരന് കൊടുക്കാൻ പോലുമുള്ള പൈസ കൈയിൽ ഇല്ലാത്ത വിധം പത്രൊസും യോഹന്നാനും കഴിഞ്ഞിട്ടുണ്ട്. പക്ഷേ അവർ സംതൃപ്തരായിരുന്നു.
എനിക്കും അവരെപ്പോലെ കർത്താവിനുവേണ്ടി ജീവിക്കണം. ആത്മാക്കളെ നേടണം
MVS

# ആനുകാലികം

-എംവിഎസ്-

## ഐ ഫോൺ വേണം

ആരെ കൊന്നിട്ടായാലും കുഴപ്പമില്ല

ആലപ്പുഴയിൽ കരുവാറ്റയിൽ പതിമൂന്നുകാരി കൂട്ടുകാരെക്കൊണ്ട് അവളുടെ 65 വയസ്സുള്ള മുത്തച്ഛനെ കൊലപ്പെടുത്തി. ഐഫോൺ വാങ്ങുന്നതിന് പണം കണ്ടെത്തുന്നതിനുവേണ്ടി അവൾ തന്നെ തയ്യാറാക്കിയ തിരക്കഥ പ്രകാരം അവളുടെ കൂട്ടുകാർ (അതോ കാമുകന്മാരോ) ആ പാവം വൃദ്ധനെ വീട്ടിൽ അതിക്രമിച്ച് കയറി, കൈകാലുകൾ കെട്ടിയിട്ട്, അടിച്ചും ഇടിച്ചും ശ്വാസം മുട്ടിച്ചും കൊന്നു; അലമാരയിലെ സ്വർണ്ണം കവർന്നു. മുത്തച്ഛൻ വീട്ടിൽ തനിച്ചായിരിക്കുന്ന സമയവും വീട്ടിൽ കടക്കേണ്ട വിധവും എല്ലാം കൂട്ടുകാരെ അറിയിച്ചത് ആ പതിമൂന്നുകാരി തന്നെയായിരുന്നു.

അവൾക്ക് സ്വന്തം മുത്തച്ഛനോട് വൈരാഗ്യം തോന്നിയത്രേ! മുത്തച്ഛൻ ചെയ്ത 'തെമ്മാടിത്തരങ്ങൾ' കേൾക്കുക: 1) അവൾ രാത്രി വൈകി വീട്ടിൽ വരുന്നതിന് അദ്ദേഹം അവളെ ശാസിച്ചു; 2) മൊബൈൽഫോണിൽ കുറെ സമയം ചെലവിഴിക്കുന്നതിനെ അദ്ദേഹം ചോദ്യം ചെയ്തു; 3) വീട്ടിൽനിന്ന് അവൾ പണം മോഷ്ടിക്കുന്നത് അദ്ദേഹം കാണുകയും അതിന് വഴക്കുപറയുകയും ചെയ്തു; 4) പഠിക്കാൻ ഉപദേശിച്ചു.

ഇത്രയധികം ദോഷങ്ങൾ ചെയ്ത ഈ മുത്തച്ഛനെ അവൾ കൂട്ടുകാർക്ക് ക്വട്ടേഷൻ കൊടുത്ത് അവരെക്കൊണ്ട് കൊല്ലിച്ചു. സ്വർണ്ണം വിറ്റുകിട്ടുന്ന പണമുപയോഗിച്ച് അവൾക്കൊരു ഐ ഫോണും കൂട്ടുകാർക്ക് രണ്ടു പേർക്കും ഓരോ ബൈക്കു വീതവും – അതായിരുന്നു ഡീൽ! കൂട്ടുകാർ അത് ഭംഗിയായി നിർവഹിച്ചു. അദ്ദേഹത്തെ കൊന്നു. തെളിവുകൾ നശിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടിൽ മുളകുപൊടി വിതറി. പൊലീസിന്റെ പിടിയിലെങ്ങാനും അകപ്പെട്ടുപോയാൽ പറയേണ്ട വാചകങ്ങൾ കാണാപ്പാഠം പഠിച്ചു. *(2026 ഓഗസ്റ്റ് 18 ലെ വാർത്ത)*

പഠിക്കേണ്ട പ്രായത്തിൽ പഠിക്കാതെ, സ്വന്തം ഉത്തരവാദിത്തങ്ങൾ മറന്ന്, ആഡംബരത്തിന്റെയും ഉല്ലാസത്തിന്റെയും അധാർമ്മികതയുടെയും പുറകെ നടന്ന് സ്വന്തം ജീവിതവും മറ്റുള്ളവരുടെ ജീവിതവും കഷ്ടത്തിലാക്കുന്ന കുറെ ടീനേജുകാർ! എത്ര ആസൂത്രിതമായി ചെയ്താലും രഹസ്യങ്ങളുടെ ചുരുളഴിച്ച് കുറ്റം തെളിയിക്കാൻ ഇവിടെ പൊലീസുള്ള കാര്യം അവർ മറന്നുപോയോ? മുകളിൽനിന്നുള്ള ഇടപെടലൽ ഇല്ലെങ്കിൽ നമ്മുടെ പൊലീസ് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരാണ്

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

www.reallifevoice.in

ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V